# Malayala Manorama

## 28 August 2018

## Kochi, After Flood, Rescue Operation, Fishermen, Honor



പ്രളയരക്ഷാ പ്രവർത്തനത്തിൽ പങ്കാളികളായ മൽസ്യത്തൊഴിലാളികളെ ആദരിക്കാൻ പിഡിപി സംഘടിപ്പിച്ച ചടങ്ങ്.

# മൽസ്യത്തൊഴിലാളികളെ ആദരിച്ചു

തോപ്പുംപടി • എല്ലാവർക്കും എല്ലാവരെയും ആവശ്യമുണ്ടെന്ന വലിയ പാഠമാണ് ഈ വെള്ളപ്പൊക്കം നമ്മെ പഠിപ്പിച്ചതെന്നു ബിഷപ് ഡോ. ജോസഫ് കരിയിൽ. മൽസ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ദ്രുതകർമ്മ സേനയ്ക്കു രൂപം കൊടുക്കുകയും അവർക്കു ശാസ്ത്രീയമായ പരിശീലനം നൽകുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. പ്രളയബാധിത പ്രദേശത്തു രക്ഷാ പ്രവർത്തനം നടത്തിയവരെയും ദുരിതബാധിതർക്കായി ക്യാംപുകൾ സംഘടിപ്പിച്ചവരെയും ആദരിക്കുന്നതിനു കെ.ജെ. മാക്സി എംഎൽഎ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

സിപിഎം ജില്ലാ സെക്രട്ടറി സി.എൻ. മോഹനൻ മുഖ്യാതിഥിയായിരുന്നു. കെ.ജെ. മാക്സി എംഎൽഎ അധ്യക്ഷത വഹിച്ചു. കോസ്റ്റ് ഗാർഡ് കമാൻഡർ ജിത്തു ജോസഫ്, ജോൺ ഫെർണാണ്ടസ് എംഎൽഎ, സംവിധായകൻ അമൽ നീരദ്, കെ.എം. റിയാദ്, കൗൺസിലർ കെ.കെ. കുഞ്ഞച്ചൻ, ഫാ. ജോപ്പി കൂട്ടുങ്കൽ, ചെല്ലാനം പഞ്ചായത്ത് പ്രസിഡന്റ് മേഴ്സി ജോസി, ജില്ലാ പഞ്ചായത്ത് അംഗം അനിതാ ഷീലൻ, പി.കെ. അബ്ദുൽ ലത്തീഫ്, എ.എം. നൗഷാദ്, ഇ.കെ. മുരളീധരൻ, പി.എ. പീറ്റർ, ബി. ഹംസ തുടങ്ങിയവർ പ്രസംഗിച്ചു.

മട്ടാഞ്ചേരി • പ്രളയജലത്തിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്തിയ മൽസ്യത്തൊഴിലാളികൾക്ക് കൊച്ചിൻ കോളജ് പൂർവ വിദ്യാർഥി സംഘടനയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. അസോസിയേഷന്റെ നേതൃത്വത്തിൽ ബാക്ക് ടു ഹോം കിറ്റുകൾ ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ വിവിധ ക്യാംപുകളിൽ എത്തിച്ചു നൽകി.

സ്വതന്ത്ര്യ മൽസ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ജാക്സൻ പൊള്ളയിൽ അടക്കമുള്ള നേതാക്കളെയും ആദരിച്ചു. അസോസിയേഷൻ ജനറൽ സെക്രട്ടറി ടി.പി. സലിംകുമാർ, സെക്രട്ടറി അനിത തോമസ്,

വി.കെ. സജീവ്, പി.എസ്. പ്രദിത്ത്, ജനീഷ് പിള്ള, ബാബു നവാസ്, വിനയ് ഗോപാൽ, അലക്സാണ്ടർ ഷാജു തുടങ്ങിയവർ പ്രസംഗിച്ചു.

കൊച്ചി • ജില്ലയുടെ വിവിധ ഭാഗങ്ങളിൽ രക്ഷാപ്രവർത്തനം നടത്തിയ മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവരെ ആദരിക്കാൻ പിഡിപി ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ചടങ്ങ് പിഡിപി സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് റജീബ് ഉദ്ഘാടനം ചെയ്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ടോറസ് വാഹനങ്ങളിലും ചെറുവഞ്ചികളിലും രക്ഷാപ്രവർത്തനം നടത്തിയ പാർട്ടി പ്രവർത്തകർക്കും രക്ഷാപ്രവർത്തകർക്കും മണ്ഡലം തലങ്ങളിൽ ആദരം സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ കുഴീപ്പള്ളി ചാത്തനാട് ബീച്ചിലെ മൽസ്യത്തൊഴിലാളികളായ ജബ്ബാർ, വിശ്വനാഥൻ, രാജേഷ്, അയ്യൂബ്, ലത്തീഫ്, അശ്റഫ്, നസീർ എന്നിവരെയാണ് ചടങ്ങിൽ ആദരിച്ചത്. പിഡിപി ജില്ലാ പ്രസിഡന്റ് വി.എം. അലിയാർ അധ്യക്ഷത വഹിച്ചു. സലാഹുദീൻ അയ്യൂബി, വിശ്വനാഥൻ വൈപ്പിൻ, പി.ടി. ആന്റണി, മെഹ്ബൂബ് കൊച്ചി, ജബ്ബാർ എടവനക്കാട് എന്നിവർ പ്രസംഗിച്ചു.